അനാഥ ശാലകം

982 [1179] ശ്രീ. കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര അനാഥ ശാലകം പ്രവർത്തിക്കുന്നുണ്ട്;

(ബി) അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഈ അനാഥശാലാ പ്രവർത്തനങ്ങൾക്കായി കൂടുതൽ സംഖ്യ വകയിരുത്തുമോ;

(സി) ഈ അനാഥശാലകളിൽ ആകെ എത്ര കുട്ടികളുണ്ട്?

ഉത്തരം

(എ) കേന്ദ്ര വനിതാ-ശിശുക്ഷേമ വകുപ്പിൽ നിന്നും, സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന 260 അനാഥ ശാലകം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലവിലുള്ള നിരക്കനുസരിച്ച് ഗ്രാന്റ് നല്കുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(സി) 25098 കുട്ടികളുണ്ട്.

സർവ്വീസ് സഹകരണ സംഘങ്ങൾ

983 [1180] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) 31-3-86-ൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര; ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര;

(സി) 31-3-86-ൽ സംസ്ഥാനത്തുള്ള എല്ലാ സംഘങ്ങളും കൂടി ആകെ വരുത്തിയ നഷ്ടം എത്ര?

ഉത്തരം

(എ) 32 ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകളുൾപ്പെടെ 1570 എണ്ണം.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ—659. ലാഭത്തിൽ പ്രവർത്തിക്കുന്നവ—892. 19 സംഘങ്ങൾ ലാഭവും നഷ്ടവും ഇല്ലാതെ പ്രവർത്തിക്കുന്നു.

(സി) 1985 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ സംഘങ്ങളിലുമായി 2940.79 ലക്ഷം രൂപ നഷ്ടമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly